**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1956** | **11/06/2018 ൽ മറുപടിക്ക്** |

**<u>സർക്കുലറുകൾ കൂട്ടത്തോടെ റദ്ദ് ചെയ്യേണ്ടിവന്ന സാഹചര്യം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.മമ്മൂട്ടി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും വകുപ്പ് മേധാവി ചുരുങ്ങിയ സമയം കൊണ്ട് ഇറക്കിയ നാല്പതോളം സർക്കുലറുകൾ ഗവൺമെന്റ് രണ്ട് വർഷം പൂർത്തിയാക്കുന്ന വേളയിൽ കൂട്ടത്തോടെ റദ്ദ് ചെയ്യേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | ശ്രീ. ജേക്കബ് തോമസ് ഐ. പി. എസ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ആയിരുന്ന 2016 കാലഘട്ടത്തിൽ വിജിലൻസിനെ സംബന്ധിച്ച് 36 സർക്കുലറുകൾ പുറപ്പെടുവിക്കുകയുണ്ടായി. ആയത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 29.03.2017 തീയതിയിൽ ജി. ഒ. (പി.) 09/17/വിജി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനും വിജിലൻസ് മാനുവലിനും മറ്റ് ഗവൺമെന്റ് ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമല്ലാതെയുള്ള സർക്കുലറുകൾ (സർക്കുലർ 1/16 മുതൽ 36/16 വരെ) പരിശോധിക്കാൻ വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം, വിജിലൻസ് മാനുവലിന്റെയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ 05/2016, 08/2016, 27/2016, 34/2016, 35/2016 എന്നീ 5 സർക്കുലറുകൾ നിലനിർത്താനും ബാക്കിയുള്ള മുപ്പത്തിയൊന്ന് സർക്കുലറുകൾ അസ്ഥിരപ്പെടുത്തുവാനും തീരുമാനിച്ചു. |
| (ബി) | എങ്കിൽ ആരായിരുന്നു ആ വകുപ്പ് മേധാവി; കൃത്യമായും എത്ര സർക്കുലറുകളാണ് ഈ വകുപ്പ് മേധാവി ചുരുങ്ങിയ അധികാര സമയം കൊണ്ട് പുറപ്പെടുവിച്ചത്; അതിൽ എത്ര എണ്ണമാണ് ഇപ്പോൾ റദ്ദ ചെയ്യേണ്ടി വന്നത്;അറിയിക്കാമോ; | | |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥൻ ഉത്തരവോ സർക്കുലറോ ഇറക്കുമ്പോൾ ബന്ധപ്പെട്ട മേധാവിയുടെ അനുമതി തേടിയിരുന്നോ; എങ്കിൽ അതിന് അനുമതി നൽകിയിരുന്നോ; അനുമതി ലഭിക്കാതെ സർക്കുലറുകൾ ഇറക്കിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് തൽസമയം അത് നിയന്ത്രിക്കാനോ ടിയാനെതിരെ നടപടിയെടുക്കുവാനോ സാധിക്കാതിരുന്നത്; വ്യക്തമാക്കാമോ; | (സി) യും (ഡി) യും | വകുപ്പ് മേധാവിക്ക് തന്നിൽ നിക്ഷിപ്തമായ അധികാര പരിധി പാലിച്ചുകൊണ്ട് വകുപ്പിനെ സംബന്ധിക്കുന്ന സർക്കുലറുകൾ ഇറക്കുവാൻ അധികാരമുണ്ട്. ആയതിന് ഉയർന്ന തലത്തിലുള്ള അനുമതി ആവശ്യമില്ല. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥന്റെ അത്തരം നീക്കങ്ങൾ നിയന്ത്രിക്കുന്നതിന് എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്നതിനുള്ള വിശദവിവരം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ